# CAREER Updates
# പത്രവൃത്താന്തം

20.11.2023 (തിങ്കൾ)




- അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ നടന്ന ഫൈനലിൽ ഇന്ത്യയെ ആറ് വിക്കറ്റിന് പരാജയപ്പെടുത്തിയാണ് ആസ്ട്രേലിയ 13-ാമത് ഏകദിന ലോകകപ്പ് ക്രിക്കറ്റ് കിരീടം സ്വന്തമാക്കിയത്. ആസ്ട്രേലിയയുടെ ആറാം ഏകദിന ലോകകപ്പ് ക്രിക്കറ്റ് കിരീടമാണിത്.
- ഫൈനൽ മത്സരത്തിൽ മാൻ ഓഫ് ദ മാച്ച് പുരസ്കാരം നേടിയത് ആസ്ട്രേലിയൻ താരം ട്രാവിസ് ഹെഡ് ആണ്. ഏകദിന ലോകകപ്പ് ഫൈനലിൽ റൺ ചെയ്സ് ചെയ്തപ്പോൾ സെഞ്ചുറി നേടുന്ന രണ്ടാമത്തെ താരം എന്ന റെക്കോഡും ട്രാവിസ് ഹെഡ് സ്വന്തമാക്കി.
- ടൂർണമെന്റിലെ താരമായി തിരഞ്ഞെടുക്കപ്പെട്ടത് ഇന്ത്യൻ താരം വിരാട് കോലിയാണ്. ഏകദിന ലോകകപ്പിൽ ഏറ്റവുമധികം റൺസ് നേടുന്ന രണ്ടാമത്തെ താരം എന്ന റെക്കോഡും വിരാട് കോലി സ്വന്തമാക്കി. ഏകദിന ലോകകപ്പിൽ ഏറ്റവുമധികം റൺസ് നേടിയ താരം സച്ചിൻ ടെൻഡുൽക്കർ ആണ്.

➪ 2023-ലെ 13-ാമത് ഏകദിന ലോകകപ്പ് ക്രിക്കറ്റ് കിരീടം നേടിയത്
✔ ആസ്ട്രേലിയ

➪ 2023 നവംബറിൽ 72-ാമത് മിസ്സ് യൂണിവേഴ്സ് ആയി തിരഞ്ഞെടുക്കപ്പെട്ടത്
✔ ഷെയ്നിസ് പലാസിയോസ്

- മധ്യ അമേരിക്കൻ രാജ്യമായ നിക്കരാഗ്വയിൽ നിന്നുള്ള സുന്ദരിയാണ് ഷെയ്നിസ് പലാസിയോസ്. പ്രായ പരിധി നീക്കിയ ശേഷമുള്ള ആദ്യ മിസ്സ് യൂണിവേഴ്സ് മത്സരമായിരുന്നു 2023-ലേത്.
- എൽ സാൽവഡോറിന്റെ തലസ്ഥാനമായ സാൻ സാൽവഡോറിലാണ് മിസ്സ് യൂണിവേഴ്സ് മത്സരത്തിന്റെ 72-ാം പതിപ്പ് അരങ്ങേറിയത്.

➪ നിർമ്മിത ബുദ്ധിയിൽ വിപ്ലവത്തിന് വഴിയൊരുക്കിയ ചാറ്റ് ജി.പി.ടി.യുടെ ഉപജ്ഞാതാക്കളായ ഓപ്പൺ എ.ഐയുടെ താത്കാലിക സി.ഇ.ഒ. ആയി 2023 നവംബറിൽ നിയമിതയായത്
✔ മിറാ മുറാട്ടി

➪ ക്യൂബയും കേരളവും തമ്മിലുള്ള സഹകരണത്തിന്റെ ഭാഗമായി സംഘടിപ്പിക്കപ്പെട്ട പ്രഥമ ചെ ഇന്റർനാഷണൽ ചെസ്സ് ഫെസ്റ്റിവൽ കിരീടം നേടിയത്
✔ കേരളം

➪ 2035-ഓടെ ഇന്ത്യ സ്വന്തമായി നിർമ്മിക്കാനൊരുങ്ങുന്ന ബഹിരാകാശ നിലയത്തിന് നൽകപ്പെട്ട പേര്
✔ ഭാരതീയ അന്തരീക്ഷ സ്റ്റേഷൻ

- രാജ്യാന്തര ബഹിരാകാശ നിലയവും ചൈനയുടെ ടിയാൻഗോങ്ങുമാണ് നിലവിലുള്ള ബഹിരാകാശ നിലയങ്ങൾ.

➪ 2023 നവംബറിൽ പശ്ചിമാഫ്രിക്കൻ രാജ്യമായ ലൈബീരിയയുടെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത്
✔ ജോസഫ് ബൊവാക്കൈ

➪ ഐ.എഫ്.എഫ്.കെയുടെ 2023-ലെ സ്പിരിറ്റ് ഓഫ് സിനിമ പുരസ്കാരം ലഭിച്ച കനേഡിയൻ സംവിധായിക
✔ വനൂരി കയിഹു

- കാൻ ചലച്ചിത്ര മേളയിൽ തിരഞ്ഞെടുക്കപ്പെട്ട ആദ്യ കെനിയൻ ചിത്രമായ 'റഫീക്കി', 'ഫ്രം എ വിസ്പർ', 'പുംസി', 'ഫോർ ഔർ ലാന്റ്', 'ലുക്ക് ബോത്ത് വേയ്സ്' എന്നിവയാണ് വനൂരി കയിഹു സംവിധാനം ചെയ്ത മറ്റ് ചിത്രങ്ങൾ.

➪ 2023 നവംബറിൽ അന്തരിച്ച, സാറാ ജോസഫ് രചിച്ച 'ബുധിനി' എന്ന കൃതിയ്ക്ക് പ്രമേയമായ ജാർഖണ്ഡിൽ നിന്നുള്ള വനിത
✔ ബുധിനി മെജാൻ

- ജവഹർലാൽ നെഹ്റുവിന് പൂമാല നൽകിയെന്ന പേരിൽ ഗോത്രാചാര പ്രകാരം 'നെഹ്റുവിന്റെ വധു' എന്ന് മുദ്ര കുത്തപ്പെട്ട വനിതയാണ് ബുധിനി മെജാൻ.

➪ 2023 നവംബറിൽ കൊണ്ടുവന്ന ഭേദഗതി പ്രകാരം വന്യജീവി സംരക്ഷണ നിയമത്തിന്റെ ഒന്നാം പട്ടികയിൽ ഉൾപ്പെടുത്തപ്പെട്ട മൃഗങ്ങൾ
✔ നാടൻ കുരങ്ങ്, കീരി, മുള്ളൻ പന്നി, കുറുക്കൻ, കാട്ടുപന്നി, കേഴ, മ്ലാവ്

➪ കേന്ദ്ര ഗതാഗത മന്ത്രാലയം പ്രസിദ്ധീകരിച്ച റിപ്പോർട്ട് പ്രകാരം ഇന്ത്യയിൽ ഏറ്റവുമധികം വാഹനാപകടങ്ങൾ നടക്കുന്ന സംസ്ഥാനം
✔ തമിഴ്നാട്

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ 8590 333 999